ശ്രീ. കെ. ഇ. ഇസ്മായിൽ :

ശ്രീമതി ഭാർഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) അന്തരിച്ചുപോയ മൂന്നു കുവൈറ്റി പൗരൻമാരുടെ കേരള സന്ദർശനത്തെ സംബന്ധിച്ച് സംസ്ഥാന ഗവൺമെന്റിന്റെ അന്വേഷണ റിപ്പോർട്ടിൻമേൽ കേന്ദ്ര ഗവൺമെന്റ് എന്തെങ്കിലും നടപടി സ്വീകരിച്ചതായി വിവരം ലഭിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത സംഭവത്തിന്റെ പേരിൽ സസ്പെൻഡ് ചെയ്യപ്പെട്ടിരുന്ന പോലീസ് ഓഫീസർമാരുടെ പേരിൽ തുടർന്ന് എന്തു നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഇല്ല.

(ബി) സർവശ്രീ ടി. ടി. തോമസ്, പോർട്ട് രജിസ്ട്രേഷൻ ഓഫീസർ, തിരുവനന്തപുരം, കെ. രാജശേഖരൻ പിള്ള, അസിസ്റ്റന്റ് കമാൻഡന്റ് എയർപോർട്ട് സെക്യൂരിറ്റി പി. കൃഷ്ണൻകുട്ടി പോലീസ് ഹെഡ് കോൺസ്റ്റേബിൾ സെക്യൂരിറ്റി ചാർജ് (സ്റ്റേറ്റ് സ്പെഷ്യൽ ബ്രാഞ്ച്) കെ. എസ്. വിഷ്ണു നമ്പൂതിരി, ഡെപ്യൂട്ടി സൂപ്രണ്ട് ഓഫ് പോലീസ്, ഡിസ്ട്രിക്ട് സ്പെഷ്യൽ ബ്രാഞ്ച് മലപ്പുറം എന്നിവരെ സസ്പെൻഡ് ചെയ്തു. ശ്രീ. ടി. ടി. തോമസ് മറ്റൊരു കേസിനോടനുബന്ധിച്ച് നേരത്തെ തന്നെ സസ്പെൻഷനിൽ ആയിരുന്നു. ശ്രീ. കൃഷ്ണൻകുട്ടിയേയും രാജശേഖരനേയും പിന്നീട് സർവീസിൽ തിരികെ പ്രവേശിപ്പിച്ചു. തുടർന്നുള്ള നടപടികളും അന്വേഷണ റിപ്പോർട്ടിന്റെ ശുപാർശകളും അംഗീകരിക്കുന്ന മുറയ്ക്ക് സ്വീകരിക്കുന്നതാണ്.

നിരോധിക്കപ്പെട്ട അലോപ്പതി ഔഷധങ്ങളുടെ വിവരം

53 [71] ശ്രീ. കെ. മൂസ്സക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇൻഡ്യയിലും വിദേശ രാജ്യങ്ങളിലും നിരോധിക്കപ്പെട്ടിട്ടുള്ള അലോപ്പതി ഔഷധങ്ങളും പലതും കേരളത്തിലെ ഔഷധ വിൽപ്പനശാലകളിൽ വിൽപ്പന നടത്തി വരുന്ന വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(ബി) ഇതു സംബന്ധിച്ച് ഇതിനകം ആരുടെയെങ്കിലും പേരിൽ ശിക്ഷണ നടപടി സ്വീകരിക്കപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ,ബി) കേന്ദ്ര സർക്കാർ 26 ഇനം ഔഷധങ്ങളുടെ ഉൽപ്പാദനവും വിൽപ്പനയും ഇൻഡ്യയിൽ നിരോധിച്ചിട്ടുണ്ട്. ഇവയിൽ താഴെ പറയുന്ന ഇനങ്ങളിൽപ്പെട്ട ഔഷധങ്ങളെ സംബന്ധിച്ച നിരോധനം സ്റ്റേ ചെയ്തുകൊണ്ടുള്ള വിവിധ ഹൈക്കോടതികളിലെ ഉത്തരവുകളും പ്രാബല്യത്തിൽ ഉള്ളതിനാൽ ഇവ ഔഷധശാലകളിൽ വിൽക്കപ്പെടുന്നുണ്ട്.

1. സ്റ്റിറോയ്ഡ് ചേർന്ന ഔഷധങ്ങൾ
2. ഓക്സിടെട്രാസൈക്ലിൻ എന്ന ഔഷധത്തിന്റെ കുട്ടികൾക്ക് കഴിക്കുവാനുള്ള സിറപ്പ് (ടെറാമൈസിൻ സിറപ്പ്)
3. വിറ്റാമിൻ ചേർന്ന വേദന സംഹാരി (മൈക്രാപൈറിൻ–സി)
4. അനബോലിക് സ്റ്റിറോയ്ഡ് ചേർന്ന ഔഷധങ്ങൾ (ഡോനബോലിൻ, ഡെക്സാട്രോപിക് ക്രീം)

LIBRARY ARCHIVES Kerala Legislative Assembly

മേൽപ്പറഞ്ഞ സ്റ്റേ കാരണം ഈ ഔഷധങ്ങളുടെ വിൽപ്പനയ്ക്കെതിരെ ബന്ധപ്പെട്ട ഔഷധ വ്യാപാരികൾക്കെതിരെ ശിക്ഷണ നടപടികൾ കൈക്കൊള്ളാൻ ഇപ്പോൾ സാദ്ധ്യമല്ല.

തിരുമാറാടി പഞ്ചായത്തിൽ ഒരു അലോപ്പതി ആശുപത്രി

54 [72] ശ്രീ. ബെന്നിബഹനാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) തിരുമാറാടി പഞ്ചായത്തിൽ ഒരു അലോപ്പതി ആശുപത്രി തുടങ്ങണമെന്ന ആവശ്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതു സംബന്ധിച്ച നടപടികൾ എന്തായിയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ഉദിക്കുന്നില്ല.

വയലടയിലുള്ള ഗവൺമെന്റ് അലോപ്പതി ഡിസ്പെൻസറി

55 [73] ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ പനങ്ങാട് പഞ്ചായത്തിൽ വയലടയിലുള്ള ഗവൺമെന്റ് അലോപ്പതി ഡിസ്പെൻസറിക്ക് ഒരു കെട്ടിടം പണിയുന്നതിന് എന്ത് നടപടിയാണ് ഇതുവരെ സ്വീകരിച്ചിട്ടുള്ളത് എന്ന് വെളിപ്പെടുത്താമോ ;

(ബി) പ്രസ്തുത കെട്ടിടത്തിനുവേണ്ടി സ്ഥലം അക്വയർ ചെയ്തു കഴിഞ്ഞുവോ ?

ഉത്തരം

(എ,ബി) അംഗീകൃത മാനദണ്ഡമനുസരിച്ച്, ഗ്രാമീണ ഡിസ്പെൻസറിക്ക് സ്ഥലവും കെട്ടിടവും പഞ്ചായത്താണ് സൗജന്യമായി നൽകേണ്ടത്. അതനുസരിച്ച് വയലടയിലെ ആശുപത്രിക്കുവേണ്ടി ഒരു ഏക്കർ സ്ഥലം ഒരു സഹകാരി വ്യക്തി സൗജന്യമായി നൽകാമെന്ന് സമ്മതിച്ചിട്ടുള്ളതായി പനങ്ങാട് പഞ്ചായത്ത് അറിയിച്ചിട്ടുണ്ട്. സ്ഥലം സൗജന്യമായി ലഭിച്ചു കഴിഞ്ഞാൽ അംഗീകൃത മാതൃകയിലുള്ള കെട്ടിടം പണിത് സംഭാവന ചെയ്യേണ്ടത് പഞ്ചായത്താണ്. അതിനാൽ ആരോഗ്യ വകുപ്പ് സ്ഥലം പൊന്നുംവിലയ്ക്ക് ഏടുക്കാൻ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

കുന്നംകുളം ആശുപത്രി

56 [74] ശ്രീ. കെ. പി. അരവിന്ദാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) ഈ വർഷം ശതാബ്ദിയാഘോഷിക്കുന്ന കുന്നംകുളം ആശുപത്രിയുടെ ദയനീയസ്ഥിതി കണക്കിലെടുത്ത് ശതാബ്ദിയുടെ ഭാഗമായി 50 കിടക്കകളുള്ള ഒരു വാർഡ് പണിയാൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ ;

(ബി) ഇപ്പോൾ ആശുപത്രിയിലുള്ള മുഴുവൻ ഒഴിവുകളും നികത്തുവാൻ നടപടി സ്വീകരിക്കുമോ ;

(സി) ഇവിടുത്തെ എക്സ്റേ പ്ലാന്റ് ഉപയോഗപ്രദമാക്കാനും ടെക്നീഷ്യനെ നിയമിക്കാനും നടപടിയെടുക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly